**പതിമൂന്നാം കേരള നിയമസഭ**

എഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3263 — 18.02.2013 ൽ മറുപടിക്ക്

**<u>കാഞ്ഞങ്ങാട് മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ റോഡുകൾ</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.ചന്ദ്രശേഖരൻ | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ ടെൻഡർ എക്സസ് കാരണം പണി ആരംഭിക്കാത്ത രണ്ട് പി.എം.ജി.എസ്.വൈ റോഡുകളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ ; | എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഫേസ് 7 ൽ ഉൾപ്പെടുന്ന 2 റോഡുകളുടെ പണി ഇനിയും ആരംഭിക്കേണ്ടതുണ്ട്. ഇതിൽ ബദ്രിയനഗർകമാനബൈയിൽ റോഡിന് 60% വും മജിരിപ്പള്ള ബട്ടേടി റോഡിന് 65% ശതമാനവും അധികനിരക്ക് ആവശ്യപ്പെട്ടുകൊണ്ട് ക്വോട്ടേഷൻ സമർപ്പിച്ചിട്ടുണ്ട്. കരാറുകാർ സമർപ്പിച്ച റേറ്റ് കുറയ്ക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ടി കരാറുകാർ അവർ സമർപ്പിച്ച റേറ്റ് വിവിധ കാരണങ്ങളാൽ കുറയ്ക്കാൻ സാധിക്കുകയില്ല എന്ന് അറിയിച്ചിട്ടുണ്ട്. |
| ബി) ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | ബി) 2010 ഷെഡ്യൂൾ നിരക്കിൽ നിന്നും പരമാവധി 42% വരെ തുക ടെണ്ടർ പ്രീമിയം നൽകി അവാർഡ് ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |

| | |
|---|---|
| സി) പി.എം.ജി.എസ്.വൈ എട്ടാം ഘട്ടത്തിൽ നടപ്പിലാക്കുന്നതിന് പ്രസ്തുത മണ്ഡലത്തിൽ നിന്നും ഉൾപ്പെടുത്തിയ റോഡുകൾ അംഗീകരിച്ചു വന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | സി) & ഡി) എട്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തേണ്ട റോഡുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ഓൺ ലൈൻ ആയി കേന്ദ്രാനുമതിക്കായി സമർപ്പിച്ചിരിക്കുകയാണ്. അംഗീകാരം നൽകുന്നതിന് എംപവേർഡ് കമ്മിറ്റി കൂടേണ്ടതുണ്ട്. |
| ഡി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ? | |

സെക്ഷൻ ഓഫീസർ